LIBRARY ARCHIVES Kerala Legislative Assembly

പുതിയ മാവേലി സ്റ്റോറുകൾ

191(1258) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗ്രാമപഞ്ചായത്തിലെ വാലുങ്ങാമുറിയിലും, മേലൂർ ഗ്രാമപഞ്ചായത്തിലെ അടിച്ചാലിയിലും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗ്രാമപഞ്ചായത്തിലെ വാലുങ്ങാമുറിയിൽ മാവേലി സ്റ്റോർ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേലൂർ ഗ്രാമപഞ്ചായത്തിലെ അടിച്ചിലിയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡമനുസരിച്ച് പഞ്ചായത്ത് ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ ആജീവനാന്ത വാടക രഹിത കെട്ടിടവും ഒരു ലക്ഷം രൂപയും ലഭ്യമാക്കാമെന്നുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ഇതുവരെയും സപ്ലൈകോയെ രേഖാമൂലം അറിയിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ റേഷൻ കാർഡുകളുടെ വിതരണം

192(1259) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പുതിയ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) എല്ലാ ജില്ലകളിലും ഒരേ കാലയളവിൽ തന്നെ പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാർഡുടമകളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി നടത്തി മുൻഗണനാ റാങ്കിംഗ് നടത്തി കരട് മുൻഗണനാ/ മുൻഗണനേതര പട്ടിക പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിലാണ്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ, പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതാണ്.

(സി) കരട് മുൻഗണനാ/മുൻഗണനേതര പട്ടികയിൽ മേൽ കാർഡുടമകൾക്കോ മറ്റുള്ളവർക്കോ ഉള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അത് ഡേറ്റാ എൻട്രി നടത്തി അതിന്മേലുള്ള പട്ടിക ഉപയോഗിച്ചാണ് റേഷൻകാർഡുകൾ അച്ചടിക്കേണ്ടത്. കരട് പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും വെരിഫിക്കേഷൻ കമ്മിറ്റി പരിശോധിച്ച് പരിഹരിക്കേണ്ടതുണ്ട്.

പുതിയ മാവേലി സ്റ്റോറുകൾ

193(1260) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി)ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനമുണ്ട്. കേരളത്തിലാകെയുള്ള 941 ഗ്രാമ പഞ്ചായത്തുകളിൽ 38 പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly